നം. എച്1 - 25216 /14

കളക്ടറേറ്റ്, സിവിൽസ്റ്റേഷൻ,
കുടപ്പനക്കുന്ന്, തിരുവനന്തപുരം,
തീയതി 16.03 .2015

**ക്വട്ടേഷൻ നോട്ടീസ്**

**കുടിവെള്ള വിതരണത്തിന് ടാങ്കർ /ലോറികൾ /ഗുഡ്സ് വാഹനങ്ങൾ ആവശ്യമുണ്ട്**

2015 ഏപ്രിൽ, മേയ് മാസകാലയളവിൽ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലും കുടിവെള്ള വിതരണത്തിന് ടാങ്കർ ലോറികൾ / ലോറികൾ /മിനിലോറികൾ /ഗുഡ്സ് ഓട്ടോറിക്ഷകൾ എന്നിവയുടെ ഉടമസ്ഥരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ഉടമസ്ഥാവകാശങ്ങൾ തെളിയിക്കുന്ന രേഖകളും ഓരോ 25 കി.മീറ്ററിനും ( 0- 25, 25-50, 50-75 , 75-100 KM) ഉദ്ദേശിക്കുന്ന വാടക ക്വോട്ട് ചെയ്യുന്ന തുകയുടെ സീൽ ചെയ്ത ക്വട്ടേഷനുകൾ **30 മാർച്ച് 2015 , 3.00 PM ന് മുമ്പ്** തിരു. ജില്ലാ കളക്ട്രേറ്റിൽ ദുരന്തനിവാരണ വിഭാഗത്തിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്. ക്വട്ടേഷനുകൾ **31 st മാർച്ച് 11.00 AM** മണിക്ക് കളക്ട്രേറ്റിൽ വച്ച് തുറക്കുന്നതാണ്. ഓരോ വാഹനത്തിന്റെ ക്വട്ടേഷനോടൊപ്പം കളക്ടറുടെ പേരിൽ എടുത്ത 1000/- രൂപയുടെ ഡിഡിയോ അല്ലെങ്കിൽ തുകയോ കളക്ട്രേറ്റിൽ അടയ്ക്കേണ്ടതാണ്. ടെൻഡർ സ്ഥിരപ്പെടുത്തിയില്ലെങ്കിൽ തുക തിരികെ നൽകുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾ കളക്ട്രേറ്റിലും എല്ലാ താലൂക്ക് ഓഫീസുകളിലെയും എല്ലാ വില്ലേജ് ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.

ഒപ്പ്
ജില്ലാ കളക്ടർ

Pushpalatha

ഡെപ്യൂട്ടി കളക്ടർ ഡി.എം.

( X )

## ക്വട്ടേഷൻ

(ക്വട്ടേഷൻ നമ്പർ എച്ച്1-25216/14 തീയതി. 16.03.2015.)

1. പേര്

2. വിലാസം

3. ടെലിഫോൺ നമ്പർ

4. തിരിച്ചറിയൽ രേഖയുടെ പകർപ്പ്:- തിരിച്ചറിയൽ കാർഡിന്റെ കോപ്പി/ റേഷൻ കാർഡിന്റെ കോപ്പി (പകർപ്പ് ഉള്ളടക്കം ചെയ്യണം)

5. കുടിവെള്ളവിതരണം ചെയ്യുന്ന
   വാഹനത്തിന്റെ വിവരങ്ങൾ

6. ആർ.സി. ഉടമസ്ഥന്റെ പേര്. - ആർ.സി. ബുക്കിന്റെ കോപ്പി സമർപ്പിക്കണം

7. വിലാസം

   ഫോൺ നമ്പർ

8. നിരത ദ്രവ്യം - Rs. 1000/- DD /Cash (ജില്ലാ കളക്ടറുടെ പേരിൽ)

9. വാഹനത്തിന്റെ വിവരങ്ങൾ- ടാങ്കർ ലോറി/ലോറി/മിനിലോറി/ഗുഡ്സ് ഓട്ടോ മറ്റുള്ളവ

10. ടാങ്കർ ലോറിയെങ്കിൽ കപ്പാസിറ്റി ............. ലിറ്റർ

11. മറ്റ് ലോറികൾ കപ്പാസിറ്റി .................... ടൺ/കിലോ

---

( 8 & 9 ടിക് ചെയ്യുക/ അല്ലെങ്കിൽ അവശ്യമില്ലാത്തത് വെട്ടിക്കളയുക.)

ടാങ്കർ ലോറി/ലോറി/ മിനിലോറി/ഗുഡ്സ് ഓട്ടോ മറ്റുള്ളവ

| കിലോമീറ്റർ | ക്വട്ടേഷൻ തുക (രൂപ) |
|---|---|
| 1 മുതൽ 25 കി.മീ. വരെ | |
| 26 മുതൽ 50 കി.മീ. വരെ<br><br>51 മുതൽ 75 കി.മീ. വരെ | |
| 76 മുതൽ 100 കി.മീ. വരെ | |
| 100 മുതൽ 150 കി.മീ. വരെ | |

സത്യവാങ്മൂലം

........................ ...................... എന്ന ഞാൻ ടി ക്വട്ടേഷനിൽ മുകളിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സത്യമാണെന്ന് ബോധിപ്പിക്കുന്നു.

തീയതി

ഒപ്പ് :

പേര്:

JS (9)

## DROUGHT 2015 - LORRY PASS

PART- A

| | | | |
|---|---|---|---|
| Date : ____/____/2015<br>Out let :<br>Lorry No : | | Reporting time: .................... AM/PM.<br>Capacity ............................ KL<br>Driver name · Ph. No. | |
| Opening KM Reading : | | | |
| Drivers Name : | | Ph. No (mobile) | |
| Opening K. M. Reading | | | |
| Destination 1 | | Contact person 1 : | |
| Destination 2 | | Contact person 2: | |
| Destination 3 | | Contact person 3: | |
| Out Time : ....................AM/PM | | | |
| Quantity Filled : ............................... KL | | Out Time : ........................... .AM/PM | |

Signature :

Name of Officer & Designation :

Phone No. :

PART- B

| DESTINATION | | | | |
|---|---|---|---|---|
| സ്ഥലം | വന്ന സമയം | പോയസമയം | സാക്ഷ്യപ്പെടുത്തിയ ആളിന്റെ (പേര്, അഡ്രസ്സ്) | ഒപ്പ് |
| | AM/PM | AM/PM | Ph.No. | |
| | | | Ph.No. | |
| | | | Ph.No. | |
| | | | Ph.No. | |



0927197

| Part C<br>തിരികെ വന്ന വിവരങ്ങൾ | |
|---|---|
| തിരികെ വന്ന സമയം ........................ AM/PM | ഓടിയ ദൂരം ..............................KM |
| Closing KM Reading | KM |
| ഡ്രൈവറുടെ ഒപ്പ്:<br>പേര് :<br>വിലാസം :<br>Ph.No | |

Counter Signed By:
Officer :
Designation :
Ph.No:

| For Office use |
|---|
| Passed payment of Rs -------------------/- for Rg.No --------------------- |
| For -----------------------KMs |

Prepared by Verified passed by

Deputy Collector (DM)

KJP(V)

GOVERNMENT OF KERALA

927198

## ക്വട്ടേഷൻ നോട്ടീസ് നമ്പർ എച്ച്1-25216/14; തീയതി: 16.03.2015.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ ദർഘാസുകൾ ക്ഷണിക്കുന്നു.

### പ്രവൃത്തിയുടെ പേര്

തിരുവനന്തപുരം ജില്ലയിൽ ജലക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി പരിധികളിൽ കേരള വാട്ടർ അതോറിറ്റി ഔട്ട്‌ലെറ്റുകളിൽ നിന്നും കുടിവെള്ളം എടുത്ത് വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

### നിബന്ധനകൾ

1. വാട്ടർ അതോറിറ്റിയുടെ പി.റ്റി.പി. നഗർ, വെള്ളയമ്പലം വർക്കല, വലിയകുന്ന്, നെയ്യാറ്റിൻകര എന്നീ ഔട്ട്‌ലെറ്റുകളിൽ സജ്ജീകരിച്ചിട്ടുള്ള റവന്യൂ സെല്ലുകളിൽ നിന്നും വെള്ളത്തിന്റെ അളവ്, കുടിവെള്ളം എത്തിക്കേണ്ട സ്ഥലം എന്നിവ രേഖപ്പെടുത്തിയ പാസുകൾ കൈപ്പറ്റി നിശ്ചിത സ്ഥലത്ത് വെള്ളം എത്തിക്കണം. പഞ്ചായത്ത് മെമ്പർ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ആൾ അല്ലെങ്കിൽ ഏതെങ്കിലും ഗുണഭോക്താവ് വെള്ളം വിതരണം ചെയ്തതായി രേഖപ്പെടുത്തി ഒപ്പ്, മേൽവിലാസം, ഫോൺ നമ്പർ സഹിതം ഒപ്പിട്ടുവാങ്ങിയ പാസ് തിരികെ കൗണ്ടറിൽ നൽകണം. ഒന്നിൽ കൂടുതൽ സ്ഥലങ്ങളിൽ ജലവിതരണം നടത്തിയിട്ടുണ്ടെങ്കിൽ പ്രത്യേകം നമ്പറിട്ട ബുക്കിൽ രേഖപ്പെടുത്തണം.

2. ഔട്ട്‌ലെറ്റുകളുടെ ഏറ്റവും സമീപത്തുള്ള വില്ലേജ് പരിധിയിൽ വരുന്ന പഞ്ചായത്തുകളിലായിരിക്കണം കുടിവെള്ള വിതരണം നടത്തേണ്ടത്.

3. ഔട്ട്‌ലെറ്റുകളിൽ നിന്നും പഞ്ചായത്തുകളിലേക്കുള്ള ദൂരം കണക്കിലെടുത്ത് ഒരു കേന്ദ്രീകൃത സ്ലാബ് അടിസ്ഥാനത്തിലുള്ള നിരക്കിലായിരിക്കും വാടക കണക്കാക്കുന്നത്.

4. പഞ്ചായത്തുകൾ തീരുമാനിക്കുന്ന വാർഡുകളിൽ 5000-10000 ലിറ്റർ ക്രമത്തിലാണ് വെള്ളം വിതരണം ചെയ്യേണ്ടതും തുക രേഖപ്പെടുത്തേണ്ടതും.

5. ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള വാഹനത്തിൽ തന്നെ ആയിരിക്കണം കുടിവെള്ളം വിതരണം നടത്തേണ്ടത്.

6. കളക്ടർ നിർദ്ദേശിക്കുന്ന കാലയളവു വരെ ടി പ്രവർത്തി തുടരേണ്ടതാണ്.

7. ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന നിബന്ധനകൾ അടങ്ങിയ കരാർ പ്രകാരമാണ് ടി പ്രവർത്തി നടത്തേണ്ടത്.

8. അപേക്ഷയുടെ മാതൃകയും നിബന്ധനകളും അതാത് താലൂക്കാഫീസുകളിൽ ലഭ്യമാക്കുന്നതാണ്.

9. ഒപ്പുവയ്ക്കാത്തതും വെരിഫിക്കേഷനിൽ കൃത്രിമത്വം കാണപ്പെടുന്നതുമായിട്ടുള്ള ബില്ലുകൾ പേയ്മെന്റിനു പരിഗണിക്കുന്നതല്ല.

10. അനുവദനീയമായ സ്ഥലങ്ങളിലല്ലാതെ ജലവിതരണം ചെയ്യുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.

11. ജലവിതരണം നടത്തുന്ന വാഹനങ്ങൾ ജിപിഎസ് വഴി നിരീക്ഷിക്കുന്നതാണ്.

12. ടാങ്കറുകൾ ഇല്ലാത്ത ലോറികൾക്ക് ആവശ്യമായ ടാങ്കുകൾ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതാണ്. (ലഭ്യതയനുസരിച്ച്)

13. പഞ്ചായത്ത് അടിസ്ഥാനത്തിലായിരിക്കും വിതരണം നടത്തുക. ഓരോ പോയിന്റിൽ നിന്നും ഓരോ പഞ്ചായത്തിലേക്കും, താഴെപ്പറയുന്ന രീതിയിൽ കിലോമീറ്ററുകളുടെ സ്ലാബ് അടിസ്ഥാനത്തിലായിരിക്കും തുക വിതരണം ചെയ്യുന്നത്.

0-25 കിലോമീറ്റർ പോയി വരുന്നതിന് -
25-50 കിലോമീറ്റർ പോയി വരുന്നതിന് -
50-75 കിലോമീറ്റർ പോയി വരുന്നതിന് -
75-100 കിലോമീറ്റർ പോയി വരുന്നതിന് -

<u>വാട്ടർ അതോറിറ്റിയുടെ ഔട്ട്ലെറ്റുകൾ</u>

1. വാട്ടർ സപ്ലൈ ഡിവിഷൻ, ആറ്റിങ്ങൽ
   1) വലിയകുന്ന്, ആറ്റിങ്ങൽ 2) രഘുനാഥപുരം, വർക്കല
2. ഹെഡ് വർക്ക്സ് ഡിവിഷൻ, അരുവിക്കര
   1) അരുവിക്കര
3. വാട്ടർ സപ്ലൈ ഡിവിഷൻ, നെയ്യാറ്റിൻകര
   1) വിഴിഞ്ഞം 2) അരുവിപ്പുറം 3) കാട്ടാക്കട, മണ്ഡപത്തിൻകടവ്
4. പി.എച്ച് ഡിവിഷൻ, തിരുവനന്തപുരം
   1) പിറ്റിപി നഗർ, (2) വെള്ളയമ്പലം

14. ടാങ്കർ ലോറി, സാധാരണ ലോറി 8-16 ടൺ കപ്പാസിറ്റി, മിനി ലോറി, 4-6 ടൺ എന്നീ വിഭാഗങ്ങൾക്കുള്ള റേറ്റുകൾ പ്രത്യേകം പ്രത്യേകമായി നൽകേണ്ടതാണ്.

15. ഓരോ ട്രിപ്പ് പോയിവരുമ്പോഴും ഇതോടൊപ്പം ലഭ്യമാക്കിയിട്ടുള്ള ഫോർമാറ്റിലുള്ള പാസ് കൂടി ചേർക്കേണ്ടതാണ്. ടി പാസ് കൃത്യമായി പൂരിപ്പിക്കേണ്ടതും, ഒപ്പുവയ്ക്കേണ്ടതുമാണ്. ഓരോ ട്രിപ്പ് പോയി വരുമ്പോഴും കൗണ്ടറിൽ നിന്നും ടി പാസ് ശേഖരിക്കേണ്ടതാണ്. ടാങ്കറിന്റെ/ലോറിയുടെ ഡ്രൈവർ വാർഡ് മെമ്പറുടെയോ, മറ്റ് അധികാരപ്പെടുത്തിയ പ്രതിനിധിയോ, കുടിവെള്ളം ലഭിച്ച ഉപഭോക്താവിന്റെയോ ഫോൺ നമ്പരും, ഒപ്പും ടി പാസിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്. ടി പാസിന്റെ അടിസ്ഥാനത്തിലാണ് ബിൽ തയ്യാറാക്കുന്നതും, തുക അനുവദിക്കുന്നതും.

16. ക്വട്ടേഷനുള്ള അപേക്ഷ ആർ.സി ഓണർ തന്നെ സമർപ്പിക്കേണ്ടതാണ്.

17. ഓരോ വാഹനത്തിനും 1000/- രൂപ നിരത ദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.

18. ക്വട്ടേഷനുകൾക്കൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1) ക്വോട്ട് ചെയ്യുന്ന ആളിന്റെ തിരിച്ചറിയൽ രേഖകൾ (വോട്ടർകാർഡ്, പാസ്പോർട്ട്, റേഷൻ കാർഡ് തുടങ്ങിയ രേഖകൾ)

2) വാഹനത്തിന്റെ അർ.സി. ബുക്കിന്റെ പ്രധാനപ്പെട്ട പേജുകളുടെ കോപ്പി

3) വാഹനത്തിന്റെ മുന്നിൽനിന്നും, സൈഡിൽ നിന്നും ഉള്ള ഫോട്ടോ, ഫോട്ടോയുടെ പുറകിൽ ഉടമസ്ഥന്റെ പേരും, മേൽവിലാസവും ഒപ്പും ഉണ്ടായിരിക്കണം

19. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി - **30/03/2015, 03:00** മണി

സ്ഥലം- കളക്ട്രേറ്റ്, തിരുവനന്തപുരം

കവറിനുപുറത്ത് *കുടിവെള്ള വിതരണത്തിനുള്ള ക്വട്ടേഷനുകൾ* എന്നെഴുതിയിരിക്കണം. നൽകുന്ന ആളിന്റെ പേരു വിവരങ്ങൾ ഇടത് വശത്ത് എഴുതി കവറുകൾ സീൽ ചെയ്തിരിക്കണം.

20) ക്വട്ടേഷനുകൾ തുറക്കുന്ന തീയതി **31/03/2015, 11:00** am

ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കരാറുകാർക്കായിരിക്കും ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നത്.

സീൽ ചെയ്ത ക്വട്ടേഷനുകൾ തിരുവനന്തപുരം കളക്ട്രേറ്റിലെ ദുരന്തനിവാരണ വിഭാഗത്തിൽ വച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്